**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **12-02-2024 - ൽ മറുപടിയ്ക്ക്**

**ജ്വവലറി നിക്ഷേപ തട്ടിപ്പ് കേസ്സിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വവലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി കേന്ദ്രീകരിച്ച് നടന്ന ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച് 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 9 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും അത് കോടതി വിചാരണയിലുമാണ്. പത്ത് കേസുകളിന്മേൽ നിലവിൽ അന്വേഷണം നടന്നു വരുന്നു. |
| (ബി) | പ്രസ്തുത തട്ടിപ്പിനിരയായവർക്കു നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ഈ തട്ടിപ്പുകളുമായി ബന്ധപ്പെട്ട കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ വീട്ടും സ്ഥാപനങ്ങളും പരിശോധന നടത്തി പ്രതികളുടെയും കുടുംബാംഗങ്ങളുടെയും സ്വർണ്ണവും മറ്റ് സ്വത്ത് വകകളും ബന്തവസ്സിലെടുക്കുകയും, ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്ക് മാനേജർമാർക്ക് കത്ത് നൽകുകയും സ്വത്ത് വകകൾ കൈമാറ്റം ചെയ്യാതിരിക്കാൻ ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാർമാർക്ക് പൊലീസ് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ